പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **3279** **29. 01. 2014** - ലെ മറുപടി

**ഗൾഫിലും മറ്റു വിദേശരാജ്യങ്ങളിലും വച്ച് മരണപ്പെടുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി. സത്യൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഗൾഫിലും മറ്റു വിദേശരാജ്യങ്ങളിലും വച്ച് മരണപ്പെടുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് നോർക്ക വകുപ്പ് എന്തെല്ലാം സഹായമാണ് ചെയ്യുന്നത്; വിശദമാക്കാമോ; | (എ) ഗൾഫിലും മറ്റു വിദേശരാജ്യങ്ങളിലും വച്ച് മരണപ്പെടുന്ന മലയാളികളെ സംബന്ധിക്കുന്ന വിവരങ്ങൾ കുടുംബാംഗങ്ങളിൽ നിന്നോ മലയാളി സംഘടനകളിൽ നിന്നോ വ്യക്തികളിൽ നിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടുവന്ന് മൃതദേഹവും മറ്റ് അനുബന്ധ വസ്തുക്കളും അടിയന്തിരമായി നാട്ടിലെത്തിക്കുന്നതിനും കൂടാതെ അസ്വാഭാവിക മരണങ്ങളിൽ അതിനെക്കുറിച്ചന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നതിനും ഇന്ത്യൻ എംബസിയുടെ സഹായത്തോടെ നടപടി സ്വീകരിക്കുന്നുണ്ട്.<br>മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ചെലവ് സ്പോൺസറോ എംബസിയോ വഹിക്കാത്ത സാഹചര്യങ്ങളിൽ നിബന്ധനകൾക്ക് വിധേയമായി പരമാവധി 50,000/- രൂപ വരെ ധനസഹായം അനുവദിക്കുന്നതിന് കാരുണ്യം എന്ന ഒരു പദ്ധതി നിലവിലുണ്ട്. |
| (ബി) പ്രസ്തുത സഹായം ലഭ്യമാക്കാൻ ആരെയാണ് സമീപിക്കേണ്ടത് എന്നു വ്യക്തമാക്കുമോ;<br><br>(സി) നോർക്കയ്ക്ക് താലൂക്കടിസ്ഥാനത്തിൽ പോലും ഓഫീസുകൾ ഇല്ലാത്തതുകൊണ്ട് ഇത് പോലുള്ള വിഷയങ്ങളിൽ ജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ബിയും സിയും) വിദേശരാജ്യങ്ങളിലെ ഇന്ത്യൻ എംബസികളുമായി നേരിട്ട് കത്തിടപാടുകൾ നടത്തുന്നതിന് സർക്കാരിലെ നോർക്ക വകുപ്പ് സെക്രട്ടറിക്കോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ മാത്രമേ അധികാരമുള്ളൂ. അതിനാൽ ഈ സഹായം ലഭ്യമാവാൻ സെക്രട്ടറി, നോർക്ക വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 659 001, ഫോൺ: 0471 2518182, 258129, ഫാക്സ്: 2327192. |

സെക്ഷൻ ഓഫീസർ